KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

10 07 09

# എച്ച്ഐവി നിയന്ത്രണം: സന്നദ്ധ സംഘടനകളും പങ്കാളികളാകുന്നു

തിരുവനന്തപുരം: എച്ച്ഐവി നിയന്ത്രണ, പ്രതിരോധ, പരിചരണ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളും പങ്കാളികളാകുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സന്നദ്ധസംഘടനകൾക്കു വേണ്ടി സംഘടിപ്പിച്ച ശിൽപശാലയിൽ ഇതു സംബന്ധിച്ച പ്രവർത്തന രൂപരേഖ തയാറാക്കി.

എച്ച്ഐവി അണുബാധിതരുടെ പരിചരണ, സംരക്ഷണ പ്രവർത്തനങ്ങളിലും എച്ച്ഐവി ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിലും സംസ്ഥാനത്തൊട്ടാകെ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള സേവനകേന്ദ്രങ്ങളിൽ നിന്നു ലഭ്യമാക്കുന്ന സേവനങ്ങൾ സന്നദ്ധസംഘടനകളുടെ പരിധിയിലുള്ളവർക്കു കൂടി ലഭ്യമാക്കുന്നതിനും ഉപകരിക്കുന്ന പ്രവർത്തനപരിപാടികൾക്കാണ് ശിൽപശാലയിൽ രൂപം നൽകിയത്.

എച്ച്ഐവി അണുബാധ ഗ്രാമപ്രദേശങ്ങളിലേക്കു പടരുന്ന സാഹചര്യത്തിൽ സ്ത്രീകളും കുട്ടികളും കൂടുതലായി ഇതിന്റെ ഇരകളായി മാറുകയാണെന്ന് ശിൽപശാല ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ ചൂണ്ടിക്കാട്ടി. എയ്ഡ്സ് ബാധിച്ചു മരിച്ചവരുടെ അനാഥരായ കുട്ടികളെ കണ്ടെത്തുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഈ രംഗത്ത് സന്നദ്ധസംഘടനകൾക്കു കാര്യമായി പ്രവർത്തിക്കാൻ സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അധ്യക്ഷത വഹിച്ചു. മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ സ്വാഗതവും ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി നന്ദിയും പറഞ്ഞു.

തുടർന്ന്, കെയർ ആൻഡ് സപ്പോർട്ട് ജോയിന്റ് ഡയറക്ടർ ഡോ. റീറ്റ ക്രോസ്, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ തുടങ്ങിയവർ ബന്ധപ്പെട്ട വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്തു.

എച്ച്ഐവി നിയന്ത്രണ, ബോധവത്കരണ രംഗത്ത് സ്വന്തം നിലയിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള സന്നദ്ധസംഘടനകളുടെ പ്രതിനിധികളാണ് ശിൽപശാലയിൽ പങ്കെടുത്തത്. കർ എന്നിവരുൾപ്പെടെ മുന്നൂറോളം പേർ രക്തദാനം നടത്തി.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)